## (97.) വയലത്തല സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

1930 സെപ്റ്റംബർ 20-ാം തീയതി ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ പുനരൈക്യ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത് സഭാചരിത്രത്തിലെ അവിസ്മരണീയമായ ഒരു സംഭവമാണ്. ആ പുനരൈക്യത്തിന്റെ മാറ്റൊലി കേരളക്കരയിൽ അലയടിച്ചപ്പോൾ ഭൂപ്രകൃതിയാൽ അനുഗ്രഹീതമായ വയലത്തലയിലും അത് പ്രതിധ്വനിച്ചു.

സംസ്ക്കാരത്തേയും, സമൂഹത്തേയും യേശുക്രിസ്തുവിന്റെ രക്ഷാകരമായ നവീനതയിലേക്ക് അടുപ്പിക്കുന്നതിനായി പുണ്യനദിയായ പമ്പയുടെ തീരത്ത് മാമലകളുടെ നടുവിൽ വയലത്തല എന്ന ഒരു ചെറുകുന്നിൻ പുറത്ത് 1936-ൽ വന്ദ്യനായ കുഴിയംമണ്ണിൽ കോശി കത്തനാർ തുടക്കം കുറിച്ചതാണ് വയലത്തലയിലെ മലങ്കര കത്തോലിക്കാസമൂഹം.

1930 സെപ്തംബർ 20-ന് ബഥനിയുടെ മെത്രാപ്പോലീത്താ മാർ ഈവാനിയോസും ഒരു ചെറുസംഘവും കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെട്ടത് കക്ഷിവഴക്കിലും സ്വത്തു വ്യവഹാരങ്ങളിലും കുടുങ്ങിക്കിടന്ന മെത്രാൻ കക്ഷികാർക്കിടയിൽ ഒരു മാറ്റത്തിന് തുടക്കം കുറിച്ചു. ഒപ്പം ഏക സത്യസഭ കത്തോലിക്കാസഭയാണ് എന്ന ചിന്ത അനേകരിൽ രൂഢമൂലമായി. മാർ ഈവാനിയോസ് തിരുമേനിയുമായും, ബഥനി പ്രസ്ഥാനവുമായും അടുത്തു സഹകരിച്ചിരുന്ന കുഴിയംമണ്ണിലച്ചൻ പുനരൈക്യത്തെ നഖശിഖാന്തം എതിർത്തിരുന്നു എങ്കിലും നിരന്തരമായ പഠനത്തിന്റെയും പ്രാർത്ഥനയുടെയും വെളിച്ചത്തിൽ വന്ദ്യനായ അച്ചനും, ഓർത്തഡോക്സ് സഭാവിഭാഗത്തിലെ പ്രബലരായ 21 കുടുംബത്തിലെ കുടുംബനാഥൻമാരും കാട്ടൂർ പള്ളിയിൽവച്ച് തിരുവനന്തപുരം അതിരൂപതയുടെ പ്രഥമ മെത്രാപ്പോലീത്തയും പുനരൈക്യ ശിൽപിയുമായ മാർ ഈവാനിയോസ് പിതാവിന്റെ മുമ്പാകെ കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ കത്തോലിക്കാ വിശ്വാസം ഏറ്റുപറഞ്ഞ് പുനരൈക്യപ്പെടുകയും മലങ്കര കത്തോലിക്കാസഭയിൽ അംഗങ്ങളാകുകയും ചെയ്തു.

മലകളും ചെറുതോടുകളും, പാറക്കെട്ടുകളും ചെറു അരുവികളും നിറഞ്ഞ വശ്യസുന്ദരമായ ഭൂപ്രകൃതിയിൽ അനുഗ്രഹീതമായ വയലത്തലയിൽ പള്ളി പണിയുന്നതിന് അഭിവന്ദ്യ ഈവാനിയോസ് തിരുമനസ്സ് ആഗ്രഹിച്ചു. മാതൃ ഇടവകയായ കാട്ടൂർപള്ളിയിൽ പോയിവരിക പ്രയാസമായതുകൊണ്ടും പുനരൈക്യ പ്രസ്ഥാനത്തിന് ശക്തമായ അടിത്തറ വയലത്തല മണ്ണിലും ഉണ്ടാകണമെന്ന തിരുമേനിയുടെ താത്പര്യവും പരിഗണിച്ച് വെള്ളാട്ടേത്ത് മുണ്ടേത്ത് കൊച്ചിക്കാ മകൻ തോമ്മാ ഭാര്യ മറിയാമ്മ ഒന്നര ഏക്കർ സ്ഥലം ദാനമായി നൽകുവാൻ തീരുമാനിച്ചു. അങ്ങനെ 1936 ജനുവരി 6-ാം തീയതി ദനഹാ തിരുന്നാൾ ദിവസം വയലത്തലയിൽ മലങ്കര കത്തോലിക്കാ സഭയ്ക്ക് തുടക്കം കുറിച്ചു.

വയലത്തല കത്തോലിക്കാ ദൈവാലയം ആദ്യം ഓല കെട്ടിയ ഷെഡ്ഡിലും പിന്നീട് പള്ളി പണിത് അതിലേക്കും മാറ്റി. ഇപ്പോൾ വൈദികമന്ദിരം സ്ഥിതിചെയ്യുന്ന സ്ഥലത്തായിരുന്നു ആദ്യപള്ളി. പുതിയപള്ളി പണിതപ്പോൾ അത് ആഡിറ്റോറിയമായി. അതോടുചേർന്ന് തെക്കുഭാഗത്തായി ഇരുനിലമുറിയോടു കൂടിയ വൈദിക ഭവനവുമുണ്ടായിരുന്നു. കുഴിയംമണ്ണിലച്ചൻ അവിടെ താമസിച്ചുകൊണ്ടാണ് വയലത്തലയിലും സമീപ ഇടവകകളിലും ശുശ്രൂഷ നിർവ്വഹിച്ചത്.

പിന്നീട് ഫിലിപ്പ് തുരുത്തിയിലച്ചന്റെ കാലഘട്ടത്തിൽ പള്ളിമേട പണികഴിപ്പിച്ചു. അതോടെ വൈദികർക്ക് സൗകര്യമായി താമസിക്കുവാൻ ഒരിടവുമുണ്ടായി. 1960-കളുടെ മധ്യത്തിൽ ജേക്കബ് ജോൺ അച്ചൻ വികാരിയായിരുന്ന കാലഘട്ടത്തിൽ പുതിയപള്ളി (നിലവിലുള്ള) പണിയുന്നതിന് തീരുമാനമെടുത്തു. ഭാഗ്യസ്മരണാർഹനായ വന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ അനുഗ്രഹാശ്ശിസുകളോട് അന്നത്തെ സെമിത്തേരി ഉൾപ്പെടുന്ന ഭാഗത്ത് പള്ളിപണിയുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുകയും അടിസ്ഥാനമിടുകയും ചെയ്തു. അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമനസ്സിനെപ്പോലെ ഗ്രിഗോറിയോസ് പിതാവിനും നമ്മുടെ

ഇടവകയോടെ അനല്പമായ കരുതലും സ്നേഹവുമുണ്ടായിരുന്നു. 1954-ൽ വയലത്തലയിൽ പിതാവിനു നൽകിയ സ്വീകരണം അവിസ്മരണീയമാണ്. പിതാവ് തന്റെ പ്രസംഗങ്ങളിൽ ഈ വിവരം ആവർത്തിച്ച് പറയാറുണ്ടായിരുന്നു എന്നത് ഈ തലമുറയ്ക്കും പ്രചോതനമാണ്.

ജേക്കബ് ജോണച്ചന്റെ കാലഘട്ടത്തിൽ പള്ളി പണിയുന്നതിനുള്ള തുടക്കം കുറിക്കുകയും തുടർന്ന് വികാരിയായി വന്ന ഫിലിപ്പ് തോമസച്ചൻ പള്ളി പണിക്ക് നേതൃത്വം കൊടുക്കുകയും ചെയ്തു. അഭി. ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി വയലത്തലയിൽ എഴുന്നള്ളുകയും പള്ളി പൊതുയോഗം തിരുമനസ്സിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന് പള്ളി പണി പുനരാരംഭിക്കുവാനുള്ള തീരുമാനം കൈക്കൊണ്ടു. പള്ളിപണിയുടെ മേൽനോട്ടം സുസന്തോനീസ് മേസ്തിരിയെ പിതാവ് നേരിട്ട് ഏൽപ്പിച്ചു. അദ്ദേഹത്തിന്റെ ശിഷ്യരിൽ പ്രമുഖനായ ലാസർ മേസ്തിരിയാണ് ദൈനംദിനമുള്ള പണികൾക്ക് നേതൃത്വം വഹിക്കുകയും പണി പൂർത്തിയാകുന്നതുവരെ യത്നിക്കുകയും ചെയ്തത്. ഫിലിപ്പ് തോമസച്ചന്റെ ആദ്ധ്യാത്മിക ചൈതന്യവും ധീരമായ നേതൃത്വവും പള്ളിപണി പൂർത്തീകരിക്കുന്നതിന് ഏറെ സഹായിച്ചു. പള്ളിപണിക്കും ഇടവകയിലെ ആദ്ധ്യാത്മിക പ്രവർത്തനങ്ങൾക്കും ദീർഘകാലം നേതൃത്വം കൊടുത്ത് ചരമമടഞ്ഞ നെടുമാംകുഴിയിൽ ശ്രീ.സ്കറിയ (കുഞ്ഞൂഞ്ഞ്), കായപ്ലാക്കൽ ശ്രീ.ശാമുവേൽ, മാടത്ത് ചക്കാംകുഴിയിൽ ശ്രീ.ജോൺ എന്നി വരെ പ്രത്യേകം സ്മരിക്കുന്നു. അച്ചൻ 1987-ൽ കാലയവനികയ്ക്കുള്ളിൽ പ്രവേശിച്ചെങ്കിലും അദ്ദേഹത്തെ കുറിച്ചുള്ള ദീപ്തമായ ഓർമ്മകൾ ഇന്നും വയലത്തല പ്രദേശത്തെ ജനങ്ങളുടെ മനസ്സിൽ പച്ചപിടിച്ചു നിൽക്കുന്നു. അദ്ദേഹത്തിന്റെ ആദ്ധ്യാത്മികവും സാമൂഹികവുമായ കാഴ്ചപ്പാട് വയലത്തല സമൂഹത്തിന് ശക്തമായ ഊർജ്ജം നൽകുകയുണ്ടായി. വയലത്തലയിലെ വളർന്നുവരുന്ന തലമുറയ്ക്ക് വിശേഷ്യ യുവജനങ്ങൾക്ക് ഒത്തുകൂടാനും കായികവും മാനസ്സികവുമായ ഉൽക്കർഷം വരുത്തുന്നതിനും കായിക ക്ലബും ലൈബ്രറിയും സ്ഥാപിച്ചു. അതാണ് പിന്നീട് യൂത്ത് ക്ലബ് ലൈബ്രറിയായി വളർന്ന് വന്നത്.

തുടർന്ന് വന്ന ജോൺ പുത്തൻവിള അച്ചൻ സാമുഹ്യ പ്രതിബദ്ധതയുള്ള വ്യക്തിയായിരുന്നു. വയലത്തലയിലെ പ്രധാനറോഡുകൾ വീതികൂട്ടി വെട്ടുന്നതിനും, ഗവൺമെന്റിൽ ഏറ്റ് എടുപ്പിക്കുന്നതിനും മറ്റും അച്ചന്റെ നിർലോഭമായ സഹകരണം ഉണ്ടായിട്ടുണ്ട്. എല്ലാ വികാരിമാരും ഇടവക ജനത്തെ ശുശ്രൂഷിക്കുന്നതിനൊപ്പം നാടിന്റെയും ജനങ്ങളുടെയും പുരോഗതിക്കും ഐശ്വര്യത്തിനും വേണ്ടി യത്നിക്കുകയും ചെയ്തിട്ടുള്ളവരാണ്. പള്ളിയോടനുബന്ധിച്ച് നഴ്സറി സ്കൂൾ ദീർഘകാലം പ്രവർത്തിച്ചിരുന്നു. അതിന് തുടക്കം കുറിച്ച യൂഹാന്നോൻ മുളമൂട്ടൽ അച്ചനെ ഈ അവസരത്തിൽ ഓർക്കുന്നു. അനേകം യുവതികൾക്ക് വരുമാനമാർഗ്ഗവും സാമൂഹ്യപ്രതിബദ്ധതയും ഉളവാക്കുന്നതിന് സഹായകരമാകാൻ പള്ളിയുമായി ബന്ധപ്പെട്ട് അനുഗ്രഹ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ എടുത്ത് പറയേണ്ടതാണ്.

വയലത്തല കാത്തോലിക്ക ദൈവാലയം ആദ്യം യോഹന്നാൻ ശ്ലീഹായുടെ നാമത്തിലായിരുന്നു. പിന്നീടാണ് നിത്യസഹായ മാതാവിന്റെ നാമത്തിൽ പുനഃപ്രതിഷ്ഠിച്ചത്. നമ്മുടെ ഇടവകയുടെ ചൈതന്യം ശക്തമാക്കുന്നതിനും നാടിന്റെ സംരക്ഷണത്തിനും ദേശത്തിന്റെ മൂന്നുദിക്കിലായി പരി.ദൈവമാതാവിന്റെ നാമത്തിൽ രണ്ടും, വി. ഗീവർഗീസ് സഹദായുടെ നാമത്തിൽ ഒരു കുരിശടിയും ഉണ്ട്. ഇടവകയുടെ പ്രധാന കുരിശടിയായ പരി. ദൈവമാതാവിന്റെ കുരിശടിക്കുള്ള സ്ഥലം കൊച്ചുമാമൂട്ടിൽ സാറാമ്മ തോമസ് പറങ്കിമാംതടം ജംഗ്ഷനോടു ചേർന്ന് ദാനം നൽകിയതാണ്. ഇന്ന് നാനാ ജാതി മതസ്ഥരായ ജനങ്ങൾക്ക് ആശാകേന്ദ്രവും സങ്കേതവുമാണ് ഈ കുരിശടി. അമ്മ മാതാവിന്റെ മദ്ധ്യസ്ഥതയിൽ അനേകർക്ക് അനേകം അനുഗ്രഹങ്ങളും കൃപകളും ലഭിച്ചുകൊണ്ടിരിക്കുന്നു. അതിന്റെ പ്രതി നന്ദിയായി സ്വർണ്ണ കുരിശുകളും നേർച്ചകളും നിർലോഭമായി കുരിശടിയിലും, പള്ളിയിലും ലഭിച്ചുകൊണ്ടിരിക്കുന്നത്. കൂട്ടത്തോട് ജംഗ്ഷനോട് ചേർന്നിരിക്കുന്ന കിഴക്കേ കുരിശടിയെന്നറിയപ്പെടുന്ന വി. ഗീവർഗീസ് സഹദായുടെ നാമത്തിലുള്ള കുരിശടി ശ്രീ.കെ.ജെ. ഗബ്രിയേൽ (കുഞ്ഞുമോൻ) കൊച്ചേത്തും കല്ലോടിക്കുഴി ഭാഗത്ത് സ്ഥിതിചെയ്യുന്ന പരി.ദൈവമാതാവിന്റെ കുരിശടി കല്ലോടിക്കുഴിയിൽ ശ്രീ.മാത്യു കെ. തോമസും (സജി) സ്വന്തം സ്ഥലത്ത് സ്വചിലവിൽ പണി കഴിപ്പിച്ച് ഇടവകയ്ക്ക് നൽകിയതാണ്. ഇവരുടെ

ഓദാര്യത്തെ പ്രത്യേകം വിലമതിക്കുന്നു. മെയ് മാസത്തിൽ വി. സഹദായുടെ തിരുന്നാൾ കിഴക്കെ കുരിശടിയിലും ജപമാല മാസം 8 നോമ്പ് തിരുന്നാൾ പറങ്കിമാന്തടം കുരിശടിയിലും പതിനഞ്ച് നോമ്പ് കല്ലോടിക്കുഴി കുരിശടിയിലും ഭക്തിപൂർവ്വം കൊണ്ടാടുന്നു.

അനേകം വൈദീകരുടെ പരിലാളന ഏറ്റുവാങ്ങാൻ വയലത്തല കത്തോലിക്കാ ഇടവകയ്ക്ക് സാധിച്ചു. കാലാകാലങ്ങളിൽ വൈദീകർ മാറി വന്നിരുന്നെങ്കിലും കാലത്തിന്റെ സൗകര്യങ്ങൾ ഒത്തിണങ്ങിയ ഒരു വൈദിക മന്ദിരം വേണമെന്ന് വൈദീകരുടെയും അതിലുപരി ഇടവക ജനങ്ങളുടെയും ആവശ്യമായിരുന്നു. സെബാസ്റ്റ്യൻ ആമ്പശ്ശേരിൽ അച്ചൻ ഇടവക വികാരിയായി സേവനം അനുഷ്ഠിച്ച് വരവേ നമ്മുടെ സഭയുടെ ആദ്യ കാതോലിക്കാബാവ കൂടിയായ അഭിവന്ദ്യ മോറോൻ മാർ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് വൈദീക മന്ദിരം പണിയുന്നതിന് അനുവാദം നൽകുകയും ആമ്പശ്ശേരിൽ അച്ചന്റെയും തുടർന്ന് വന്ന ബെന്നി നാരകത്തിനാൽ അച്ചന്റെയും നേതൃത്വത്തിൽ വയലത്തലയിൽ മനോഹരമായ വൈദീകമന്ദിരം പണികഴിപ്പിക്കുവാനും സാധിച്ചു. 2010-ൽ ഇടവകയുടെ പ്ലാറ്റിനം ജൂബിലിയുടെ വിവിധ പദ്ധതികളും കർമ്മപരിപാടികളും ആവിഷ്ക്കരിച്ച് മുന്നോട്ട് പോകുമ്പോഴായിരുന്നു പത്തനംതിട്ട രൂപത പിറക്കുന്നത്. അങ്ങനെ നാരകത്തിനാൽ അച്ചന് സ്ഥലം മാറി പോകേണ്ടതായി വന്നു. പിന്നീട് ഉള്ള ജൂബിലി വർഷത്തെ നയിക്കുവാൻ പത്തനംതിട്ട രൂപതയിൽ നിന്നും വയലത്തലയിലേക്ക് എത്തിയത് പോൾ നിലയ്ക്കൽ തെക്കേതിൽ അച്ചനായിരുന്നു. അച്ചന്റെ ശ്രേഷ്ഠവും ധീരവുമായ നേതൃത്വം പ്ലാറ്റിനം ജൂബിലിക്ക് പതിൻമടങ്ങ് പകിട്ടേകി. വയലത്തല ദേശം കുളിർക്കോരും വിധം ആഘോഷമായി പ്ലാറ്റിനം ജൂബിലി കൊണ്ടാടി. പിന്നീടുള്ള അച്ചന്റെ സേവന വർഷത്തിൽ വയലത്തല ഇടവകയ്ക്ക് മനോഹരമായ ഒരു ആഡിറ്റോറിയം ഒറ്റ വർഷം കൊണ്ട് പൂർത്തീകരിക്കാൻ സാധിച്ചതും രൂപതയ്ക്കും ഇടവകയ്ക്കും ഇന്നും അതിശയവും അഭിമാനവുമാണ്. പള്ളിയിൽ ഇന്ന് കാണുന്ന സ്വർണ്ണ കൊടിമരവും പ്രധാന കവാടവും തറ ഓടും കുര്യാക്കോസ് കൂത്തിനേത്ത് അച്ചന്റെ കാലയളവിൽ പണികഴിച്ചതാണ്.

വയലത്തല ഇടവക ദേശത്തിനും രൂപതയ്ക്കും ആഗോള കത്തോലിക്കാ സമൂഹത്തിനും അഭിമാനവും നേട്ടവുമാണ്. അതിന് ഉത്തമ ഉദാഹരണമാണ് ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ സേവനം ചെയ്യുന്ന ഇടവക വൈദീകരും സന്യസ്തരും.

**ഇടവക വൈദീകർ**

1. പരേതനായ ഫാ. തോമസ് പൊൻമേലിൽ
2. ഫാ. തോമസ് പുതുപ്പറമ്പിൽ, കാനഡ
3. ഫാ. ഗീവർഗ്ഗീസ് മുക്കൂട്ടുമണ്ണിൽ, അമേരിക്ക
4. ഫാ. ജോസഫ് നെടുമാംകുഴി, അമേരിക്ക
5. ഫാ. ജോൺ നിർമ്മലാനന്ദ ഒ.ഐ.സി. തിരുവനന്തപുരം
6. ഫാ. തോമസ് നെടുമാംകുഴി, പത്തനംതിട്ട

**സന്യാസിനികൾ**

1. പരേതയായ സിസ്റ്റർ ബെർക്കുമെൻസ് മണ്ണിൽ എസ്.ഐ.സി.
2. പരേതയായ സിസ്റ്റർ യുഫ്രസീന പൊൻമേലിൽ എസ്.ഐ.സി.
3. പരേതയായ സിസ്റ്റർ റോസ്മേരി, മണലേൽ

4. പരേതയായ സിസ്റ്റർ തെരേസാ കൊച്ചുകാലായിൽ ഡി.എം

5. പരേതയായ സിസ്റ്റർ ട്രീസാ കൊച്ചേത്ത് ഡി.എം

6. സിസ്റ്റർ ലിയോ മണ്ണിൽ എസ്.ഐ.സി.

7. സിസ്റ്റർ സുലമിറ്റ് പട്ടിയാനിക്കൽ ഡി.എസ്.എസ്.

8. സിസ്റ്റർ ലിസാ ടോം, കല്ലോടിക്കുഴിയിൽ എസ്.എച്ച്.

9. സിസ്റ്റർ റെയ്ച്ചൽ മേരി മണലേൽ ഒ.എസ്.എസ്.

ബ്രദർ ഡീക്കൻ ജോൺ പോൾ പൊൻമേലിൽ ഫ്രാൻസിസ്ക്കൽ സന്യാസ സമൂഹത്തിൽ ചേർന്ന ആദ്യ മലങ്കര കത്തോലിക്കനാണ്. 1998-ൽ നിത്യതയിലേക്ക് വിളിക്കപ്പെട്ടു. തെക്കൻ തിരുവിതാംകൂറിൽ മലങ്കര സഭ കെട്ടിപ്പടുക്കാൻ ഏറെ യത്നിച്ച സന്യാസവര്യനായിരുന്നു.

ഇപ്പോൾ ബ്രദർ ഐവാൻ പുതുപ്പറമ്പിൽ പത്തനംതിട്ട രൂപതയ്ക്ക് വേണ്ടി വൈദീകപരിശീലനം നടത്തുന്നു.

വയലത്തല ഇടവകാംഗങ്ങളായ പ്രഗത്ഭരായ പല വ്യക്തികളും സഭയ്ക്കും സമൂഹത്തിനും ധീരമായ നേതൃത്വം ആദ്യകാലഘട്ടം മുതൽ നൽകിയിരുന്നു. അവരിൽ ചിലരെയെങ്കിലും സ്മരിക്കാതെ ചരിത്രം പൂർത്തീകരിക്കുക അസാധ്യമാണ്. ആദ്യം സത്യവിശ്വാസം ഏറ്റുപറഞ്ഞ 21 കുടുംബങ്ങളും അതിന്റെ നാഥൻമാരെയും ഓർക്കുന്നു. അവരിൽ ആരും തന്നെ ഇപ്പോൾ ജീവിച്ചിരുപ്പില്ല. ആദ്യകാല സഭാ പ്രവർത്തനങ്ങളിൽ മുൻപന്തിയിൽ ഉണ്ടായിരുന്ന പട്ടിയാനിക്കൽ ജോസഫ് സാർ (വലിയസാർ), കൊച്ചുപറത്തിട്ട പാമ്പയ്ക്കൽ ഗീവർഗ്ഗീസ് തോമസ് (പാപ്പി), കൊച്ചുപറത്തിട്ട തേക്കിൻകാട്ടിൽ വർഗ്ഗീസ്, കുഞ്ഞാണ്ടി സർ മണ്ണിൽ, മത്തായി മാത്യു കിഴക്കേമുറിയിൽ, ഒ.എം. തോമസ് കിഴക്കേമുറിയിൽ, യോഹന്നാൻ കുര്യൻ മാടത്ത് പുത്തൻപുരയ്ക്കൽ, എം. റ്റി. തോമസ് മുണ്ടേത്ത്, പടിയംകുളം ഏബ്രഹാം, നൈനാൻ ചക്കാംകുഴിയിൽ, ജോൺ എം. ജോൺ മാടത്ത്, ഗീവർഗ്ഗീസ് യോഹന്നാൻ കായപ്ലാക്കൽ, മണലേൽ കൊച്ചുമത്തായി കുഞ്ഞൂഞ്ഞ് കൊച്ചേത്ത് എന്നിവരെ പ്രത്യേകം സ്മരിക്കുന്നു. ആദ്യകാലം മുതൽ തന്നെ സർക്കാർ തലത്തിലും രാഷ്ട്രീയ ഭരണ പ്രവർത്തനങ്ങളിലും വിവിധ സർക്കാർ സൗകര്യ മേഖലകളിലും സഭാ പ്രവർത്തന കൂട്ടായ്മകളിലും കായിക ഇനമായ വോളിബോളിൽ ഒരു ദേശീയതാരവും (ഷോൺ റ്റി. ജോൺ തങ്ങളത്തിൽ) ഉണ്ട് എന്നത് ഇടവകയ്ക്ക് ഏറെ അഭിമാനമാണ്.

ഇടവകാംഗങ്ങൾ മാത്രമല്ല ആദ്യകാലം മുതൽ ഇടവകയെ നയിച്ച ഓരോ വികാരിമാരും ഇടവകയുടെ അഭിമാനവും നേട്ടവുമാണ്. അവരുടെ പേരുകളും സേവന വർഷവും ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. ഫാ. കോശി, കുഴിയംമണ്ണിൽ | - | 1936-1944 |
| 2. ഫാ. ജോസഫ്, മഴ്യിലാടിയിൽ | - | 1944-1949 |
| 3. ഫാ. തോമസ്, ഇഞ്ചക്കലോടി | - | 1949-1951 |
| 4. ഫാ. മാത്യു, തേക്കുംകാട്ടിൽ | - | 1951-1952 |
| 5. ഫാ. കുര്യൻ, ഇലഞ്ഞിമറ്റം | - | 1952-1954 |
| 6. ഫാ. ഫിലിപ്പ്, തുരുത്തിയിൽ | - | 1954-1956 |
| 7. ഫാ. തോമസ്, പ്ലാവിളയിൽ | - | 1956-1961 |

8. ഫാ. ഡാനിയേൽ വടക്കേക്കര കോറെപ്പിസ്കോപ്പ 1961-1964

9. ഫാ. ജേക്കബ് ജോൺ - 1964-1969

10. ഫാ. ഫിലിപ്പ് തോമസ് - 1969-1976

11. ഫാ. ജോൺ പുത്തൻവിള കോറെപ്പിസ്കോപ്പ 1976-1983

12. ഫാ. യോഹന്നാൻ മുളമൂട്ടിൽ - 1983-1989

13. ഫാ. കുര്യൻ വാലുപറമ്പിൽ - 1988

14. ഫാ. മാത്യു, മാടപ്പള്ളിൽ - 1989-1992

15. ഫാ. കുരിശുമല മാത്യു റമ്പാൻ - 1992-1993

16. ഫാ. കോശി, ചിറയത്ത് - 1993-1996

17. ഫാ. ജോസഫ്, പുത്തൻകളം - 1996-2000

18. ഫാ. സാമുവേൽ തൈക്കൂട്ടത്തിൽ റമ്പാൻ 2000

19. മോൺ. ജോർജ്ജ് പനംതുണ്ടിൽ - 2000

20. ഫാ. തോമസ് ബാബു, പെരുപ്പയിക്കാട്ട് 2001

21. ഫാ. ജോൺസൺ പാറയ്ക്കൽ - 2001

22. ഫാ. സെബാസ്റ്റ്യൻ ആമ്പശ്ശേരിൽ - 2001-2005

23. ഫാ. ബെന്നി നാരകത്തിനാലിൽ - 2006-2010

24. ഫാ. പോൾ നിലയ്ക്കൽ തെക്കേതിൽ- 2010-2013

25. ഫാ. ജോൺസൺ പാറയ്ക്കൽ - 2013-2014

26. ഫാ. മോൺസി കളീയ്ക്കൽ - 2014-2015

27. ഫാ. ജോഷ്വാ മാവേലിൽ - 2015

28. ഫാ. കുര്യാക്കോസ് കുഞ്ഞിനേത്ത് - 2015-2018

29. ഫാ. ജോർജ്ജ് വർഗീസ്, പുതുപ്പറമ്പിൽ 2018 മുതൽ നടപ്പ്

ചരിത്രത്തിന്റെ ഭാഗമായി വന്ദ്യ ബനഡിക്ട് പിതാവിന്റെ അവസാന ഔദ്യോഗിക സന്ദർശനം നടത്തിയ ദൈവാലയം പത്തനംതിട്ട രൂപതാ അദ്ധ്യക്ഷനായി വിരമിച്ച അഭിവന്ദ്യ യൂഹനോൻ മാർ ക്രിസോസ്റ്റം പിതാവിന്റെ സന്ദർശനം ഇപ്പോൾ നമ്മളെ ഭരിക്കുന്ന നമ്മുടെ രൂപതാ അദ്ധ്യക്ഷൻ അഭിവന്ദ്യ ഐറേനിയോസ് പിതാവിന്റെ പത്തനംതിട്ട വൈദീക ജില്ലയുടെ ആദ്യ അജപാലന സന്ദർശനം നടത്തിയ ഇടവക എന്ന നിലയിലും നമ്മുടെ ദൈവാലയത്തിന്റെ നേട്ടമാണ്. ഇടവകയുടെ ആത്മീയകാര്യങ്ങളും വളരെ ഭംഗിയായി നടന്നുപോകുന്നു. സണ്ടേസ്കൂൾ, എം.സി.സി.എൽ., എം.സി.വൈ.എം, എം.സി.എ മാതൃവേദി സുവിശേഷസംഘം, സെന്റ് വിൻസെന്റ് ഡി. പോൾ സൊസൈറ്റി, ലീജിയൻ ഓഫ് മേരി എന്നീ സംഘടനകളും, നാല് പ്രാർത്ഥനാഗ്രൂപ്പും സജീവമായി ഇടവകയിൽ പ്രവർത്തിക്കുന്നു. ജനുവരി മാസം 14, 15 തീയതികളിൽ ഇടവകയുടെ തിരുനാളും, മെയ് മാസം 4, 5 തീയതികളിൽ വി.ഗീവർഗീസ് സഹദായുടെ തിരുനാളും നാടിനും ഇടവകയ്ക്കും ആവേശവും

അനുഗ്രഹപ്രദവുമായി ഭക്തിപൂർവ്വം നടത്തപ്പെടുന്നു. എല്ലാ ദിവസവും ഇടവകയിൽ വി.കുർബ്ബാനയും വെള്ളിയാഴ്ച യുദാശ്ലീഹായുടെയും ശനിയാഴ്ച നിത്യസഹായ മാതാവിന്റെ നോവേനയും നടത്തപ്പെടുന്നു. കൂടാതെ ആഗസ്റ്റ്, ഒക്ടോബർ മാസങ്ങളിൽ പരി.ദൈവമാതാവിന്റെ കുരിശടികളിൽ ജപമാലയും മദ്ധ്യസ്ഥ പ്രാർത്ഥനയും നടത്തി വരുന്നു.